**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1419** **03-02-2026 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായപരിധി ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഒന്നാം ക്ലാസ്സിലേക്കുള്ള പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായപരിധി നിലവിൽ 5 വയസ്സ് തന്നെയാണ്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ (NEP 2020) ഭാഗമായി ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള പ്രായം 6 വയസ്സായി ഏകീകരിക്കാനുള്ള നടപടികൾക്ക് സംസ്ഥാനം തുടക്കം കുറിച്ചിട്ടുണ്ട്. കേരളത്തിൽ ഇത് ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. 2027-28 അധ്യയന വർഷം മുതൽ ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള പ്രായം 6 വയസ്സായി ഉയർത്തുന്നതിനുള്ള ആക്ഷൻ പ്ലാൻ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി പ്രീ-സ്കൂൾ തലത്തിൽ 'വിദ്യ പ്രവേശ്', ഒന്നാം ക്ലാസ്സിൽ ഒന്നൊരുക്കം എന്ന പേരിലുള്ള സ്കൂൾ സന്നദ്ധതാ പ്രവർത്തനങ്ങൾ വഴി കുട്ടികളെ സജ്ജമാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നും കുട്ടികൾ കൂടുതലായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലേക്ക് പ്രവേശനം നേടുന്നത് ഏതൊക്കെ ക്ലാസ്സുകളിലാണെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റേയും വിദ്യാകിരണം മിഷന്റേയും ഭാഗമായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളും പഠന നിലവാരവും മെച്ചപ്പെട്ടതോടെ അൺഎയ്ഡഡ് മേഖലയിൽ നിന്ന് വലിയ തോതിലുള്ള കുട്ടികളുടെ ഒഴുക്ക് ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ ഡേറ്റ പ്രകാരം പ്രധാനമായും താഴെ പറയുന്ന ക്ലാസ്സുകളിലാണ് കൂടുതൽ പ്രവേശനം നടക്കുന്നത്:<br><br>അഞ്ചാം ക്ലാസ്: എൽ.പി ക്ലാസ്സുകൾ കഴിഞ്ഞ് യു.പി വിഭാഗത്തിലേക്ക് മാറുമ്പോൾ വലിയൊരു വിഭാഗം കുട്ടികൾ അൺഎയ്ഡഡ് സ്കൂൾ വിട്ട് പൊതുവിദ്യാലയങ്ങളിൽ ചേരുന്നു.<br><br>എട്ടാം ക്ലാസ്: ഹൈസ്കൂൾ പ്രവേശന സമയത്താണ് ഏറ്റവും കൂടുതൽ കുട്ടികൾ അൺഎയ്ഡഡ് |

| | | | |
|---|---|---|---|
| | | | മേഖലയിൽ നിന്ന് സർക്കാർ/എയ്ഡഡ് സ്കൂളുകളിലേക്ക് എത്തുന്നത്.<br><br>പ്ലസ് വൺ: ഹയർ സെക്കൻഡറി തലത്തിൽ സർക്കാർ സീറ്റുകളുടെ ലഭ്യതയും കുറഞ്ഞ ഫീസും കണക്കിലെടുത്ത് ഗണ്യമായ മാറ്റം ഉണ്ടാകുന്നുണ്ട്.<br><br>2025-26 അധ്യായന വർഷം സർക്കാർ/എയ്ഡഡ് മേഖലയിൽ ഒന്നാം ക്ലാസിൽ ഒഴികെ എല്ലാ ക്ലാസിലും കുട്ടികളുടെ എണ്ണത്തിൽ മുൻ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ വിദ്യാർത്ഥികൾ കൂടുതലായും എത്തിചേരുന്നത് അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നും കൂടാതെ മറ്റിതര സിലബസിൽ നിന്നുമാണ്. 2025-2026 അധ്യായന വർഷം പുതുതായി വന്നുചേർന്ന കുട്ടികൾ ക്ലാസ്സ് അടിസ്ഥാനത്തിൽ II-3044, III-250, IV-806, V-8939, VI-3874, VII-3682, VIII-15128, IX-4800, X-383 ആകെ- 40906 എന്നിങ്ങനെയാണ്. 2025-26 അധ്യയന വർഷത്തിൽ ഹയർ സെക്കണ്ടറി ഒന്നാം വർഷം CBSE, ICSE സിലബസ്സുകളിൽ നിന്നും ആകെ 20,864 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ